**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശകം ഗൈഡ് **2026** - അച്ചടിയും വിതരണവും - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**2957/2025/LSGD** തീയതി,തിരുവനന്തപുരം, **15-12-2025**

---

പരാമർശം:-

1. സ.ഉ(സാധാ) നം. **3269.2017**/തസ്വഭവ തീയതി **11/10/2017**
2. സ.ഉ(സാധാ) നം. **2204/2021**/പൊഭവ തീയതി **15/06/2021**
3. സ.ഉ(സാധാ) നം. **3115/2022**/തസ്വഭവ തീയതി **15/12/2022**

4 സ.ഉ(സാധാ) നം. **2372/2023**/തസ്വഭവ തീയതി **1/12/2023**

5 സ.ഉ(സാധാ) നം. **2187/2024**/തസ്വഭവ തീയതി **13/11/2024**

6 പ്രിൻസിപ്പൽ ഡയറക്ടറുടെ **26/09//2025** തീയതിയിലെ **LSGD/PD/28296/2025-PR2** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ വകുപ്പിന് കിഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി 'തദ്ദേശകം' എന്ന പേരിൽ ഗ്രാമലക്ഷ്മി മുദ്രാലയം മുഖേന ഗൈഡ് അച്ചടിക്കുന്നതിന് പരാമർശം **(1)** പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

**2.** പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലനുസരിച്ച് തുടർന്നുള്ള വർഷങ്ങളിലും തദ്ദേശകം ഗൈഡ് അച്ചടിക്കാൻ അനുമതി നൽകി സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**3.** പരാമർശം **(3), (4), (5)** സർക്കാർ ഉത്തരവുകൾ പ്രകാരം നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി **2023, 2024, 2025** വർഷങ്ങളിൽ തദ്ദേശകം ഗൈഡ് അച്ചടിക്കുന്നതിന് അനുമതി നൽകിയിരുന്നു. സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലെയും നഗര-തദ്ദേശസ്ഥാപനങ്ങളിലെയും ജന പ്രതിനിധികൾക്കും ജീവനക്കാർക്കും വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥർക്കും

ഉപകാരപ്രദമാകുന്ന തരത്തിലാണ് തദ്ദേശകം ഗൈഡ് പ്രസിദ്ധീകരിച്ച് വരുന്നതെന്നും ഈ സാഹചര്യത്തിൽ 2026-ലും തദ്ദേശകം ഗൈഡ് പ്രസിദ്ധീകരിക്കുന്നത് ഉചിതമാണെന്നും സർക്കാരിന് ബാദ്ധ്യത വരാത്തവിധം പരസ്യങ്ങളും വിലയും സ്വീകരിച്ചാണ് തദ്ദേശകം ഗൈഡ് അച്ചടിക്കുന്നതെന്നും ആയതിനാൽ 'തദ്ദേശകം' 2026 ന്റെ പ്രസിദ്ധീകരണത്തിന് ഉത്തരവ് നൽകണമെന്നും പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ഡയറി, കലണ്ടർ, ദിനസ്മരണ, കോഫി ടേബിൾ ബുക്ക് മുതലായവ അച്ചടിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട് എന്നിരിക്കിലും പ്രസ്തുത സർക്കാർ ഉത്തരവിൽ ഇളവ് നൽകി തദ്ദേശകം ഗൈഡ് അച്ചടിക്കുന്നതിന് മുൻ വർഷങ്ങളിലും അനുമതി നൽകി വരുന്നതിനാലും ഡയറി എന്നതിനു പകരം ഒരു ഇൻഫർമേഷൻ ഗൈഡിന്റെ സ്വഭാവത്തിൽ തയ്യാറാക്കുന്നതിനാലും സർക്കാരിന് ബാധ്യത വരാത്ത വിധം പരസ്യങ്ങൾ ശേഖരിച്ചും നിശ്ചിത വില ഈടാക്കിയുമാണ് അച്ചടിക്കുന്നതെന്നതിനാലും മുതിർന്ന ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർക്ക് ഡിജിറ്റൽ ഡയറി ഉപയോഗിക്കാൻ പ്രയാസമുണ്ടാകും എന്നതിനാലും പരാമർശം (2) സർക്കാർ ഉത്തരവിലെ നിബന്ധനകളിൽ ഇളവ് നൽകി ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി 'തദ്ദേശകം-2026 ഗൈഡ്' ആവശ്യമായ എണ്ണം മാത്രം അച്ചടിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ജില്ലാപഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും, സെക്രട്ടറി, മറ്റ് പ്രധാന ഉദ്യോഗസ്ഥർ എന്നിവർക്കും പരസ്യമുള്ള 420 എണ്ണം ഗൈഡും പരസ്യമില്ലാത്ത 80 എണ്ണം ഗൈഡും അച്ചടിക്കാവുന്നതും ഗൈഡ് ഒന്നിന് 350/- രൂപ നിരക്കിൽ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവ് ചെയ്യാവുന്നതുമാണ്.

2) നഗരസഭകളിലെ എല്ലാ ജനപ്രതിനിധികൾക്കും സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി, ഹെൽത്ത് ഓഫീസർ, നഗരസഭ എഞ്ചിനിയർ എന്നിവർക്കും നഗരസഭയിലെ മറ്റ് വകുപ്പ് തലവൻമാർക്കും പരസ്യമില്ലാത്ത 800 എണ്ണം ഗൈഡും പരസ്യമുള്ള 4200 എണ്ണം ഗൈഡും അച്ചടിക്കാവുന്നതും കോപ്പി ഒന്നിന് 350/- രൂപ വീതം തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യാവുന്നതുമാണ്.

3) ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും സെക്രട്ടറി, അസി.സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക് എന്നിവർക്കും വിതരണം ചെയ്യുന്നതിന് പരസ്യമുള്ള 25,000 ഗൈഡും പരസ്യമില്ലാത്ത 5000 ഗൈഡും അച്ചടിക്കാവുന്നതും ഗൈഡ് ഒന്നിന് 350/- രൂപ നിരക്കിൽ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യാവുന്നതുമാണ്.

4) ബ്ലോക്ക് പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ, സെക്രട്ടറി, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ജോയിന്റ് ബിഡിഒ, ഹെഡ് ക്ലാർക്ക്, അക്കൗണ്ടന്റ് തുടങ്ങിയ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്നതിന് പരസ്യമുള്ള 7435 എണ്ണവും പരസ്യമില്ലാത്ത 850 എണ്ണവും അച്ചടിക്കാവുന്നതും കോപ്പി ഒന്നിന് 350/- രൂപ നിരക്കിൽ ആനുപാതികമായി ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ദാരിദ്ര്യ നിർമ്മാർജന യൂണിറ്റുകളിൽ നിന്നും ചെലവ് ചെയ്യാവുന്നതുമാണ്.

5) കുടുംബശ്രീയുടെ എല്ലാ സിഡിഎസ് ചെയർപ്പേഴ്സൺമാർക്കും ഉദ്യോഗസ്ഥർക്കും നൽകുന്നതിനായി കുടുംബശ്രീ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ ആവശ്യപ്പെടുന്ന എണ്ണം അച്ചടിക്കാവുന്നതും യഥാർഥ അച്ചടി വിലയിൽ വിതരണം ചെയ്യേണ്ടതുമാണ്.

6) പൊതു ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിന് ഗൈഡ് ഒന്നിന് 350/- രൂപ ഈടാക്കേണ്ടതാണ്.

7) 'തദ്ദേശകം-2026 ഗൈഡ്' ൽ പരസ്യം പ്രസിദ്ധീകരിക്കുന്നതിന് ഫുൾ പേജ്, 1/2 പേജ്, 1/4 പേജ് എന്നിവയുടെ പരസ്യനിരക്ക് യഥാക്രമം 30000/- രൂപ, 20000/- രൂപ, 15000/- രൂപ എന്ന നിരക്കിൽ നിശ്ചയിക്കേണ്ടതാണ്.

8) ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ഗൈഡ് അച്ചടിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ(റൂറൽ), തിരുവനന്തപുരം
ഡയറക്ടർ(അർബൻ), തിരുവനന്തപുരം
സെക്രട്ടറി, ക്രൂസ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ(i/o), ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ./ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Geetha. T. S
സെക്ഷൻ ഓഫീസർ
Date: 16-12-2025 10:14:33